**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5344** **15-03-2023 - ൽ മറുപടിയ്ക്ക്**

**കിഴക്കമ്പലം കാർഷിക വികസന സമിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമപഞ്ചായത്തുതല കാർഷിക വികസന സമിതിയുടെ പ്രവർത്തനം സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | (എ) | ഗ്രാമപഞ്ചായത്തുതല കാർഷിക വികസന സമിതിയുടെ പ്രവർത്തനം സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ കിഴക്കമ്പലം പഞ്ചായത്തിലെ കാർഷിക വികസന സമിതിയും അപ്പെക്സ് ബോഡിയും കഴിഞ്ഞ ആറ് മാസത്തോളമായി യോഗം ചേരാത്തതിനാൽ കർഷകർക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാകാത്ത വിഷയം ശ്രദ്ധയിൽപ്പെടുത്തി എം.എൽ.എ. നൽകിയ കത്തിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | കിഴക്കമ്പലം പഞ്ചായത്തിലെ കാർഷിക വികസന സമിതി കഴിഞ്ഞ ആറ് മാസത്തോളമായി യോഗം ചേരാത്തതിനാൽ ബഹു. എം.എൽ.എ നല്കിയ കത്തിന്മേൽ എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസർ പ്രസ്തുത കാലയളവിലെ കൃഷി ഓഫീസറായ ശ്രീമതി. ശ്രീബാല അജിത്തിനോട് വിശദീകരണം ചോദിക്കുകയും മറുപടി നല്കുകയും ചെയ്തിട്ടുള്ളതാണ്. കാർഷിക വികസന സമിതി കൂട്ടുന്നതിനായി കാർഷിക വികസന സമിതിയുടെ ചെയർമാനായ പഞ്ചായത്ത് പ്രസിഡന്റിൽ നിന്നും സൗകര്യപ്രദമായ തീയ്യതി ലഭിക്കാത്തതുമൂലമാണ് മീറ്റിംഗ് ചേരാൻ വൈകിയത് എന്നാണ് കൃഷി ഓഫീസർ അറിയിച്ചിരിക്കുന്നത്. എല്ലാ മാസവും കൃത്യമായി കാർഷിക വികസന സമിതി യോഗം സംഘടിപ്പിക്കേണ്ടതാണെന്ന് കൃഷി ഓഫീസർക്ക് എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസർ നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (സി) | കാർഷിക വികസന സമിതി യഥാസമയം വിളിച്ച് ചേർത്ത് കാർഷിക വികസന പരിപാടികൾ നടപ്പിലാക്കുന്നതിൽ വീഴ്ചവരുത്തിയ കിഴക്കമ്പലം കൃഷി ഓഫീസർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | കാർഷിക വികസന സമിതി യോഗം യഥാസമയം വിളിച്ച് ചേർക്കാത്തതുമായി ബന്ധപ്പെട്ട് കൃഷി ഓഫീസറോട് എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസർ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെടുകയും അതിനുള്ള മറുപടി കൃഷി ഓഫീസർ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പരിശോധിച്ച് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ്- കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി രൂപം നൽകിയ കാർഷിക വികസന സമിതികൾ പുനരുജ്ജീവിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (ആസൂത്രണം-ബി) വകുപ്പ്**

**സ.ഉ.(കൈ) നം.20/2020/കൃഷി** തീയതി,തിരുവനന്തപുരം, 15/02/2020

പരാമർശം:- 1 07/11/2016-ലെ സ.ഉ (കൈ) നം. 150/16/കൃഷി നമ്പർ ഉത്തരവ്.

2 കൃഷി ഡയറക്ടറുടെ 12/12/2019- ലെ റ്റി.വി(1)/42044/19 നമ്പർ കത്ത്.

**ഉത്തരവ്**

കേരളത്തിലെ കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി രൂപം നൽകി പരാമർശ ഉത്തരവ് പ്രകാരം നിലവിൽ പ്രവർത്തിച്ചു വന്നിരുന്ന കാർഷിക വികസന സമിതികളുടെ കാലാവധി 06/11/2019-ൽ അവസാനിച്ചതിനാൽ, പ്രസ്തുത സമിതികൾ കൃഷി ഡയറക്ടറുടെ പരാമർശത്തിലെ കത്ത് പ്രകാരം പുനരുജ്ജീവിപ്പിക്കുന്ന വിഷയം സർക്കാർ പരിഗണിയ്ക്കുകയും കാർഷിക വികസന സമിതികൾ ചുവടെ പറയും പ്രകാരം പുനരുജ്ജീവിപ്പിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

**I.കൃഷിഭവൻതല കാർഷിക വികസന സമിതി**

1. സ്ഥലം എം.എൽ.എ.
2. പഞ്ചായത്ത് പ്രസിഡന്റ് - ചെയർമാൻ.
3. പഞ്ചായത്ത് വൈസ് പ്രസിഡന്റ്.
4. പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ.
5. കിസാൻ സഭ, കർഷക സംഘം, കർഷക കോൺഗ്രസ്സ് എന്നിവരുടെ ഓരോ പ്രതിനിധി വീതം, കൂടാതെ പ്രിൻസിപ്പൽ കൃഷി ഓഫീസർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് കർഷക പ്രതിനിധികൾ.
6. പ്രിൻസിപ്പൽ കൃഷി ഓഫീസർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വനിതാ കർഷക.

7. പ്രിൻസിപ്പൽ കൃഷി ഓഫീസർ നാമനിർദ്ദേശം ചെയ്യുന്ന പട്ടികജാതി - പട്ടിക വർഗ്ഗത്തിലുള്ള കർഷകൻ/കർഷക.

8. കെ.എസ്.കെ.ടി.യു, ബി.കെ.എം.യു, ഡി.കെ.ടി.എഫ് ഉടങ്ങിയ അംഗീകൃത കർഷക തൊഴിലാളി സംഘടനകളുടെ ഓരോ പ്രതിനിധി വീതം (പരമാവധി 5 പേർ).

9. സി.ഡി.എസ്.ചെയർപേഴ്സൺ.

10. കേരള നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ ഓരോ പ്രതിനിധി.

11. പ്രാഥമിക സഹകരണ ബാങ്ക്/വാണിജ്യ ബാങ്ക്/കാർഷിക വികസന ബാങ്കിന്റെ പ്രതിനിധി.

12. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ.

13. മൈനർ ഇറിഗേഷന്റെ ചുമതലയുള്ള പഞ്ചായത്ത് തല അസിസ്റ്റന്റ് എഞ്ചിനീയർ.

14. പഞ്ചായത്തിലെ വെറ്ററിനറി സർജൻ.

15. മണ്ണ് സംരക്ഷണ വകുപ്പിനെ പ്രതിനിധീകരിക്കുന്ന ഉദ്യോഗസ്ഥൻ.

16. ബ്ലോക്കിന്റെ ചുമതല വഹിക്കുന്ന കൃഷി അസിസ്റ്റന്റ് ഡയറക്ടർ.

17. പ്രാദേശിക ക്ഷീര വികസന ഉദ്യോഗസ്ഥൻ.

18. കേര കർഷക സംഘത്തിന്റെ പ്രതിനിധി.

19. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, ഹോർട്ടികോർപ്പ് എന്നിവയുടെ ഓരോ പ്രതിനിധികൾ (പ്രവർത്തനം ഉള്ള സ്ഥലങ്ങളിൽ മാത്രം).

20. കൃഷി ഭവനിലെ കൃഷി ഓഫീസർ - കൺവീനർ.

* പഞ്ചായത്ത് തല കാർഷിക വികസന സമിതികളിൽ അതാത് പ്രദേശത്തെപ്രതിനിധീകരിക്കുന്ന ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് മെമ്പർമാരെ കൂടി പ്രത്യേക

ക്ഷണിതാക്കളായി ഉൾപ്പെടുത്തേണ്ടതാണ്.

**<u>സമിതിയുടെ യോഗം ചേരൽ</u>**

മാസത്തിലൊരു പ്രാവശ്യം

## II മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ കാർഷിക വികസന സമിതി

1. മുനിസിപ്പൽ ചെയർമാൻ/ കോർപ്പറേഷൻ മേയർ – അദ്ധ്യക്ഷൻ.
2. മുനിസിപ്പാലിറ്റിയുടെ പരിധിയിൽ വരുന്ന എം.എൽ.എമാർ.
3. വൈസ് ചെയർമാൻ/ഡെപ്യൂട്ടി മേയർ.
4. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ.
5. പ്രിൻസിപ്പൽ കൃഷി ഓഫീസർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വനിതാ കർഷക.
6. പ്രിൻസിപ്പൽ കൃഷി ഓഫീസർ നാമനിർദ്ദേശം ചെയ്യുന്ന പട്ടികജാതി – പട്ടിക വർഗ്ഗത്തിലുള്ള കർഷകൻ/കർഷക.
7. കെ.എസ്.കെ.ടി.യു, ബി.കെ.എം.യു, ഡി.കെ.ടി.എഫ് തുടങ്ങിയ അംഗീകൃത കർഷക തൊഴിലാളി സംഘടനകളുടെ ഓരോ പ്രതിനിധി വീതം (പരമാവധി 5 പേർ).
8. കിസാൻ സഭ, കർഷക സംഘം, കർഷക കോൺഗ്രസ്സ്എന്നിവരുടെ ഓരോ പ്രതിനിധി വീതം, കൂടാതെ പ്രിൻസിപ്പൽ കൃഷി ഓഫീസർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് കർഷക പ്രതിനിധികൾ.
9. നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ ഓരോ പ്രതിനിധി.
10. പ്രാഥമിക സഹകരണ ബാങ്ക്/വാണിജ്യ ബാങ്ക്/കാർഷിക വികസന ബാങ്കിന്റെ പ്രതിനിധി.
11. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ.
12. മൈനർ ഇറിഗേഷന്റെ ചുമതലയുള്ള മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തല അസിസ്റ്റന്റ്എഞ്ചിനീയർ
13. മുനിസിപ്പാലിറ്റി/കോർപ്പറേഷനിലെ വെറ്ററിനറി സർജൻ.
14. മണ്ണ് സംരക്ഷണ വകുപ്പിനെ പ്രതിനിധീകരിക്കുന്ന ഉദ്യോഗസ്ഥൻ.
15. ബ്ലോക്കിന്റെ ചുമതല വഹിക്കുന്ന കൃഷി അസിസ്റ്റന്റ് ഡയറക്ടർ.
16. പ്രാദേശിക ക്ഷീര വികസന ഉദ്യോഗസ്ഥൻ.

17. കൃഷി ഡെപ്യൂട്ടി ഡയറക്ടർ/കാർഷിക പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥർ.

18. കേരകർഷക സംഘം പ്രതിനിധി.

19. കൃഷി ഭവനിലെ കൃഷി ഓഫീസർ/ കൃഷി ഫീൽഡ്ഓഫീസർ –കൺവീനർ.

20. സി.ഡി.എസ്.ചെയർപേഴ്സൺ.

21. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, ഹോർട്ടികോർപ്പ് എന്നിവയുടെ ഓരോ പ്രതിനിധി (പ്രവർത്തനം ഉള്ള സ്ഥലങ്ങളിൽ മാത്രം).

**<u>പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ കാർഷിക വികസന സമിതികളുടെ ചുമതലകൾ</u>**

1. പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ സമഗ്രമായ വികസനത്തിനുതകുന്ന പ്ലാൻ, പ്രോജക്ട് ഇവയുടെ തയ്യാറാക്കൽ.

2. പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയിലെ കർഷകർ, കൃഷിരീതികൾ, മണ്ണ് എന്നിവയുടെ സ്ഥിതിവിവര കണക്കുകളുടെ വ്യക്തമായ വിവരം ശേഖരിക്കൽ.

3. അതാത് പ്രദേശത്തിന് അനുയോജ്യമായതും കാർഷിക വികസനത്തിനുതകുന്നതുമായ പദ്ധതികൾ മുൻഗണനാ അടിസ്ഥാനത്തിൽ നിശ്ചയിക്കുകയും അത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഗുണഭോക്താക്കളെ സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ച് തെരഞ്ഞെടുക്കുകയും ചെയ്യുക.

4. കൃഷി വകുപ്പിലെ വിവിധ സ്കീമുകളുടെ പരിധിയിൽപ്പെടുത്തി നിർദ്ദിഷ്ട മാനദണ്ഡ പ്രകാരം അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ഉറപ്പാക്കുകയും ചെയ്യുക.

5. പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനിലെ വിവിധ കാർഷിക പരിപാടികളുടെ മൂല്യനിർണ്ണയം, വിലയിരുത്തൽ തുടങ്ങിയവ കൂടുതൽ കാര്യക്ഷമമായും വിജയകരമായും നടത്തുന്നതിന് ആവശ്യമായ ഉപദേശങ്ങൾ നൽകുക.

6. പ്രകൃതിക്ഷോഭം ഉണ്ടാകുമ്പോൾ അടിയന്തിര സഹായം എത്തിക്കുന്നതിന് കൂട്ടായ നടപടികൾ സ്വീകരിക്കുക.

7. പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ കൃഷി മേഖലയ്ക്ക് ഉപയോഗ്യമാകുന്ന ക്രഡിറ്റിന്റെ വിലയിരുത്തലും മോണിറ്ററിംഗും.

8. ഗുണനിലവാരമുള്ള ജൈവവളങ്ങളുടെ ലഭ്യത തിട്ടപ്പെടുത്തൽ.

**<u>സമിതിയുടെ യോഗം ചേരൽ</u>**

മാസത്തിലൊരു പ്രാവശ്യം

**<u>III ജില്ലാതല കാർഷിക വികസന സമിതി</u>**

1. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് – ചെയർമാൻ.
2. ജില്ലാ കളക്ടർ – വൈസ് ചെയർമാൻ
3. ജില്ലയിലെ എം.പി മാർ.
4. ജില്ലകളിൽ സ്ഥിരതാമസമുള്ള രാജ്യസഭാ എം.പി
5. ജില്ലയിലെഎം.എൽ.എമാർ.
6. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ്.
7. മുൻസിപ്പൽ ചെയർമാൻ.
8. കോർപ്പറേഷൻ മേയർ.
9. ജില്ലാ പഞ്ചായത്ത് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ.
10. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ.
11. പഞ്ചായത്തു പ്രസിഡന്റുമാരിൽ നിന്നും സർക്കാർ തെരഞ്ഞെടുക്കുന്ന രണ്ടു പ്രതിനിധികൾ.
12. കേര കർഷക സംഘം പ്രതിനിധി.
13. കിസാൻ സഭ, കർഷക സംഘം, കർഷക കോൺഗ്രസ്സ്എന്നിവയുടെ ഓരോ പ്രതിനിധി വീതം, കൂടാതെ പ്രിൻസിപ്പൽ കൃഷി ഓഫീസർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് കർഷക പ്രതിനിധികൾ.
14. കൃഷി ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വനിതാ പ്രതിനിധി, ഒരു പട്ടിക ജാതി പട്ടികവർഗ്ഗ പ്രതിനിധിയും മൂന്ന് കർഷക പ്രതിനിധികളും.
15. കെ.എസ്.കെ.ടി.യു, ബി.കെ.എം.യു, ഡി.കെ.ടി.എഫ് തുടങ്ങിയ അംഗീകൃത കർഷക തൊഴിലാളി സംഘടനകളുടെ ഓരോ പ്രതിനിധി വീതം (പരമാവധി 5 പേർ).

16. കേരള നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ ഓരോ പ്രതിനിധി.

17. ജില്ലാ മൃഗസംരക്ഷണ ഓഫീസർ.

18. ജില്ലാ ക്ഷീരവികസന ഓഫീസർ.

19. മൈനർ ഇറിഗേഷൻ, എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ .

20. ജില്ലാതല ഇലക്ട്രിസിറ്റി ബോർഡ് എഞ്ചിനീയർമാർ, റോഡ് ബിൽഡിംഗ് എഞ്ചിനീയർമാർ.

21. പട്ടികജാതി പട്ടിക വർഗ്ഗ വികസന ജില്ലാ ഓഫീസർ.

22. ജില്ലാ ഫിഷറീസ് ഓഫീസർ.

23. ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ.

24. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി).

25. കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ.

26. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ജില്ലാ മാനേജർ, ഹോർട്ടികോർപ്പിന്റെ ജില്ലാ മാനേജർ.

27. അതാത് ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർ - കൺവീനർ

ഇടുക്കി ജില്ലാ കാർഷിക വികസന സമിതിയിലേക്ക് KADS- ന്റെ പ്രതിനിധിയെ പ്രത്യേക ക്ഷണിതാവായി ഉൾപ്പെടുത്തേണ്ടതാണ്. മറ്റ വകുപ്പുകൾ കൂടി ഉൾപ്പെടുന്ന വിഷയങ്ങളിൽ അതാത് വകുപ്പിന്റെ ജില്ലാ ഉദ്യോഗസ്ഥനെ യോഗങ്ങളിൽ പങ്കെടുപ്പിക്കുവാനുള്ള അധികാരം ജില്ലാ കളക്ടർ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന് ഉണ്ടായിരിക്കുന്നതാണ്.

<u>ചുമതലകൾ</u>

1. കാർഷിക വികസന പരിപാടികളും അവയുമായി ബന്ധപ്പെട്ട പല വകുപ്പുകളുടെയും പ്രവർത്തനങ്ങൾ ജില്ലാതല അടിസ്ഥാനത്തിൽ അവലോകനം ചെയ്യുക.

2. വിത്ത്, തൈകൾ, വളങ്ങൾ, കീടനാശിനികൾ, വായ്പ മുതലായവയുടെ ലഭ്യത, വിതരണം തുടങ്ങിയ കാര്യങ്ങൾ വിലയിരുത്തുക.

3. ജില്ലയിലെ ജലസേചന സൗകര്യങ്ങൾ, അവയുടെ സംരക്ഷണം, അറ്റകുറ്റ പണികൾ മുതലായവയ്ക്കായി എടുത്തിട്ടുള്ള നടപടികൾ അവലോകനം ചെയ്യുക

4. വായ്പാധിഷ്ഠിത കാർഷിക വികസന പദ്ധതികൾ അവലോകനം ചെയ്യുക

5. ചെറുകിട ജലസേചന പ്രവർത്തനങ്ങൾ,പമ്പ് സെറ്റുകൾ ഊർജ്ജവൽക്കരിക്കൽ തുടങ്ങിയവ അവലോകനം ചെയ്യുക.

6. വരൾച്ച, വെള്ളപ്പൊക്കം മുതലായ പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുന്ന പക്ഷം കൃഷിക്കാർക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് അടിയന്തിര സഹായം നൽകുന്നതിന് വേണ്ട നടപടികൾ നിർദ്ദേശിക്കുക.

7. ജില്ലാതലത്തിൽ നടപ്പിലാക്കിയ കാർഷിക പരിപാടികളുടെ ഫലപ്രദമായ നിർവ്വഹണത്തിന് ആവശ്യമായ ഉപദേശങ്ങൾ നൽകുക.

<u>സമിതിയുടെ യോഗം ചേരൽ</u>

രണ്ട് മാസത്തിലൊരു പ്രാവശ്യം

<u>IVസംസ്ഥാന കാർഷിക വികസന സമിതി</u>

1. മുഖ്യമന്ത്രി – അദ്ധ്യക്ഷൻ
2. കൃഷി വകുപ്പ് മന്ത്രി – ഉപാദ്ധ്യക്ഷൻ
3. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി
4. മൃഗസംരക്ഷണ വകുപ്പ് മന്ത്രി.
5. ജലവിഭവ വകുപ്പ് മന്ത്രി.
6. ഊർജ്ജ വകുപ്പ് മന്ത്രി.
7. സഹകരണ വകുപ്പ് മന്ത്രി
8. വൈസ് ചെയർമാൻ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
9. നിയമസഭയുടെ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി അംഗങ്ങൾ.
10. ചീഫ് സെക്രട്ടറി
11. അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ – കൺവീനർ
12. സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്രതിനിധി.

13. വൈസ് ചാൻസലർ, കേരള കാർഷിക സർവ്വകലാശാല .

14. .കേരള വൈദ്യുതി ബോർഡ് ചെയർമാൻ .

15. സ്പൈസസ് ബോർഡ് ചെയർമാൻ .

16. കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡ് ചെയർമാൻ.

17. കോഫി ബോർഡ് ചെയർമാൻ.

18. ആസൂത്രണം, ജലസേചനം, സഹകരണം, ഗ്രാമവികസനം, ഊർജ്ജം, മൃഗസംരക്ഷണം, ക്ഷീര വികസനം, പഞ്ചായത്ത് എന്നീ വകുപ്പ് അദ്ധ്യക്ഷൻമാർ .

19. കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

20. കൃഷി വകുപ്പ് ഡയറക്ടർ

21. കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രത്തിന്റെ ഡയറക്ടർ.

22. ഡയറക്ടർ,കാഷ്യൂ & കൊക്കോ ഡെവലപ്പ്മെന്റ് , എറണാകുളം.

23. കേന്ദ്ര കിഴങ്ങുവിള ഗവേഷണകേന്ദ്രത്തിന്റെ ഡയറക്ടർ, സുഗന്ധവിള ഗവേഷണകേന്ദ്രത്തിന്റെ ഡയറക്ടർ.

24. ഡയറക്ടർ ഓഫ് അരക്കനട്ട് ആന്റ് സ്പൈസസ്, കോഴിക്കോട് .

25. ചീഫ്എൻജിനിയർ ജലസേചന വകുപ്പ്, തദ്ദേശസ്വയംഭരണവകുപ്പ്

26. രജിസ്ട്രാർ, സഹകരണസംഘം.

27. സംസ്ഥാന സഹകരണ ബാങ്ക് മാനേജിംഗ് ഡയറക്ടർ.

28. സംസ്ഥാന കാർഷിക വികസന ബാങ്ക് പ്രസിഡന്റ്.

29. ലീഡ് ബാങ്ക് കൺവീനർ .

30. നബാർഡിന്റേയും റിസർവ് ബാങ്കിന്റേയും പ്രതിനിധികൾ.

31. കിസാൻ സഭ, കർഷക സംഘം, കർഷക കോൺഗ്രസ്സ്എന്നിവരുടെ ഓരോ പ്രതിനിധി കൂടാതെ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന 5 കർഷക പ്രതിനിധികൾ.

32. കെ.എസ്.കെ.ടി.യു, ബി.കെ.എം.യു, ഡി.കെ.ടി.എഫ് തുടങ്ങിയ അംഗീകൃത കർഷക തൊഴിലാളി സംഘടനകളുടെ ഓരോ പ്രതിനിധി വീതം (പരമാവധി 5 പേർ).

33. പട്ടികജാതി, പട്ടികവർഗ്ഗക്കാരായ കർഷക തൊഴിലാളികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന 2 പ്രതിനിധികൾ.

34. കേരകർഷക സംഘം പ്രതിനിധി.

35. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വനിതാ കർഷക പ്രതിനിധി.

36. നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ ഓരോ പ്രതിനിധി.

37. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.

38. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ സി.ഇ.ഒ, ഹോർട്ടികോർപ്പ് എം.ഡി എന്നിവരുടെ ഓരോ പ്രതിനിധി.

**ചുമതലകൾ**

1. സംസ്ഥാനത്ത് നടപ്പാക്കുന്ന കാർഷികവികസന പരിപാടികളുടെ പുരോഗതി അവലോകനം ചെയ്യുക, വികസന പരിപാടികളിൽ ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് സംബന്ധിച്ച പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ നിർദ്ദേശിക്കുക.

2. കാർഷിക ഉല്പാദനത്തിൽ നയപരമായ മാർഗ്ഗ നിർദ്ദേശങ്ങൾ രൂപവൽക്കരിക്കുക, കാർഷികോത്പാദന പരിപാടികൾ യഥാസമയം നടപ്പാക്കുന്നതിന് ബന്ധപ്പെട്ട ഏജൻസികൾക്ക് വേണ്ട നിർദ്ദേശം നൽകുക.

3. വളം, കീടനാശിനി, വിത്ത്, തൈകൾ, വായ്പാ സൗകര്യങ്ങൾ മുതലായവയുടെ ലഭ്യത അവലോകനം ചെയ്യുക.

4. നാണ്യവിളകളുടെ വിലനിലവാരം അവലോകനം ചെയ്യുക. വിലയിടിവിന് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

**സമിതിയുടെ യോഗം ചേരൽ**

സാമ്പത്തിക വർഷത്തിലെ ആറ് മാസത്തിലൊരു പ്രാവശ്യം

**കാലാവധി**

മേൽ സമിതികളുടെ കാലാവധി മൂന്ന് വർഷമായിരിക്കും.

## പൊതു വ്യവസ്ഥകൾ

1. എല്ലാ കമ്മിറ്റികളുടെയും കോറം മൂന്നിൽ ഒന്നാണ്.

2.ഭൂരിപക്ഷ അംഗങ്ങളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം തീരുമാനങ്ങൾ എടുക്കേണ്ടത്.

3.തുടർച്ചയായി മൂന്ന് തവണ സമിതികളിൽ പങ്കെടുക്കാതിരിക്കുന്ന അനൗദ്യോഗിക അംഗത്തിനെ സമിതികളിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

4.അടിയന്തിര ഘട്ടങ്ങളിൽ കൺവീനർക്ക് പ്രത്യേക യോഗം വിളിച്ച് കൂട്ടാവുന്നതാണ്.

5.എല്ലാ യോഗങ്ങളും ആരംഭിക്കേണ്ടത് മുൻയോഗ തീരുമാനങ്ങൾ അംഗീകരിച്ചതിന് ശേഷമായിരിക്കും.

6.കൃഷിഭവൻ, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ, ജില്ലാ, സംസ്ഥാനതലങ്ങളിൽ യോഗം വിളിച്ച് കൂട്ടുമ്പോൾ ചായയും ലഘുഭക്ഷണവും നൽകുന്നതിലേക്കായി ഒരു യോഗത്തിന് പരമാവധി 500 രൂപ ചെലവഴിക്കാവുന്നതാണ്.

7.കാർഷിക വികസന സമിതി യോഗങ്ങളിൽ പങ്കെടുക്കുന്ന അനൗദ്യോഗിക അംഗങ്ങൾക്ക് സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ സിറ്റിംഗ് ഫീസ് നൽകാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ.രത്തന്.യു.കേല്കര്**

**സ്പെഷ്യൽ സെക്രട്ടറി**

ഡയറക്ടർ, കാർഷികവികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.

എം.പി/രാജ്യസഭാ എം.പി/എം.എൽ.എ (ആമുഖ കത്ത് സഹിതം)

ചെയർമാൻ, .സ്പൈസസ് ബോർഡ്

ചെയർമാൻ, കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡ്

ചെയർമാൻ, കോഫി ബോർഡ്.

ഡയറക്ടർ, കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം.

ഡയറക്ടർ, കാഷ്യൂ & കൊക്കോ ഡെവലപ്പ്മെന്റ്,എറണാകുളം.

ഡയറക്ടർ, കേന്ദ്ര കിഴങ്ങുവിള ഗവേഷണകേന്ദ്രം.